**ചരമോപചാരം**

കെ.എം. സൂപ്പി, വി.പി. രാമകൃഷ്ണ പിള്ള എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാ സാമാജികരായ കെ. എം. സൂപ്പി, വി. പി. രാമകൃഷ്ണപിള്ള എന്നിവർ 2016 നവംബർ 8-ന് അന്തരിച്ചു.

കെ. എം. സൂപ്പി

കണ്ണൂർ ജില്ലയിലെ പാനൂരിൽ മമ്മുവിന്റെയും പാത്തുവിന്റെയു മകനായി 1933 ഏപ്രിൽ 5-ന് കെ.എം. സൂപ്പി ജനിച്ചു. ആയുർവേദ ചികിത്സാ രീതിയിൽ വൈദ്യഭൂഷണം ഡിപ്ലോമ നേടിയ ശേഷം ആയുർവേദചികിത്സ തൊഴിലായി സ്വീകരിച്ച അദ്ദേഹം സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ രംഗത്ത് സജീവമായി.

1970-ൽ സോഷ്യലിസ്റ്റ് പാർട്ടി പ്രതിനിധിയായി പെരിങ്ങളം നിയോജക മണ്ഡലത്തെ പ്രതിനിധാനം ചെയ്ത് നാലാം കേരള നിയമസഭയിലെത്തിയ അദ്ദേഹം 1991-ൽ ഒൻപതാം കേരള നിയമസഭയിലേക്ക് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ചെയർമാൻ, പാനൂർ പഞ്ചായത്ത് പ്രസിഡന്റ്, മുസ്ലീം ലീഗ് സ്റ്റേറ്റ് കമ്മിറ്റി

അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം 'പടയണി' ദിനപത്രത്തിന്റെ ചീഫ് എഡിറ്ററുമായിരുന്നു.

കെ. എം. സൂപ്പിയുടെ നിര്യാണത്തോടെ മികവുറ്റ ഒരു മുൻ സാമാജികനേയും ഒരു മാതൃകാ സഹപ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

വി. പി. രാമകൃഷ്ണപിള്ള

കൊല്ലം ജില്ലയിലെ തേവള്ളിയിൽ പരമേശ്വരൻ പിള്ളയുടെ മകനായി 1932 നവംബർ 12-ന് വി. പി. രാമകൃഷ്ണപിള്ള ജനിച്ചു.

കേരള സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമായ വി. പി. രാമകൃഷ്ണപിള്ള വിദ്യാർത്ഥി പ്രസ്ഥാനത്തിലും സജീവ അംഗമായിരുന്നു. പിന്നീട് അദ്ദേഹം റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു. ആർ.എസ്.പി. കൊല്ലം ജില്ലാകമ്മിറ്റി സെക്രട്ടറി, സംസ്ഥാന സെക്രട്ടറി, കേന്ദ്ര കമ്മിറ്റി അംഗം എന്നീ നിലയിൽ പ്രവർത്തിക്കുകയും സംഘാടകൻ എന്ന നിലയിൽ മികവ് പുലർത്തുകയും ചെയ്തു.

1987-ൽ എട്ടാം കേരള നിയമസഭയിലേക്കും 1996-ൽ പത്താം കേരള നിയമസഭയിലേക്കും ഇരവിപുരം മണ്ഡലത്തിൽ നിന്നും ആർ.എസ്.പി.

പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

07-01-1998 മുതൽ 13-05-2001 വരെ അദ്ദേഹം ഇ. കെ. നയനാർ മന്ത്രിസഭയിൽ ജലസേചനവും തൊഴിലും വകുപ്പ് മന്ത്രിയായിരുന്നു.

വി.പി. രാമകൃഷ്ണപിള്ളയുടെ നിര്യാണത്തോടെ ആദർശശാലിയായ ഒരു പൊതുപ്രവർത്തകനെയും മികവുറ്റ ഒരു പാർലമെന്റേറിയനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)